അതിജീവനം

സുരക്ഷിത ജീവിതത്തിനു ഒരു മാർഗ്ഗരേഖ

Habitat for Humanity® India



## അധ്യായം 2

# സർക്കാർ നടപ്പാക്കുന്ന വിവിധ പാർപ്പിട പദ്ധതികൾ



## 1. ഇന്ദിരാ ആവാസ് യോജന

ഗ്രാമീണമേഖലയിൽ ദരിദ്രരേഖക്ക് താഴെയുള്ള പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും ഇതര സമുദായങ്ങളിൽ പെട്ടവർക്കും സൗജന്യമായി വീടുകൾ നിർമ്മിച്ചു നൽകി കൊണ്ട് അവരുടെ പാർപ്പിട പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുക എന്നതാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിരാ ആവാസ് യോജനയുടെ ലക്ഷ്യം.ഗുണഭോക്താക്കൾ വീട് വെയ്ക്കുന്നതിന് ആവശ്യമായ ഭൂമി സ്വന്തമായുള്ളവരായിരിക്കണം. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭകളിലൂടെ ആണ്. ഗുണഭോക്തൃ കുടുംബത്തിലെ സ്ത്രീ അംഗത്തിന്റെ പേരിലാണ് വീട് അനുവദിക്കുന്നത്. പ്രത്യേക സാഹചര്യങ്ങളിൽ കുടുംബത്തിലെ ഭർത്താവിന്റെയും ഭാര്യയുടെയും കൂട്ടായ പേരിലോ, ഗൃഹനാഥന്റെ പേരിൽ മാത്രമായോ വീട് അനുവദിക്കാറുണ്ട്. ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ അനുസരിച്ചാണ് വീടിന്റെ രൂപകല്പന, തരഭേദം എന്നിവ നിശ്ചയിക്കുന്നത്. ഇന്ദിരാ ആവാസ് യോജനയിൽ പുതിയ വീടുകളുടെ നിർമ്മാണത്തിന് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന തുക എഴുപതിനായിരം രൂപയാണ്. ഇത് കേന്ദ്രസംസ്ഥാന സർക്കാർ സർക്കാരുകൾ 50 : 50 അനുപാതത്തിൽ വകയിരുത്തുന്നു. എന്നാൽ കേരളത്തിന് ഐ.ഐ.വൈ ഗുണഭോക്താകൾക്കുള്ള യൂണിറ്റ് കോസ്റ്റ് പട്ടികജാതി, പട്ടികവർഗ വിഭാഗത്തിന് 3 ലക്ഷമായും പൊതുവിഭാഗത്തിന് രണ്ട് ലക്ഷമായും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കു മൂലമുണ്ടായ ബാധ്യതയിൽ യൂണിറ്റൊന്നിന് 50,000/- രൂപ വീതം സംസ്ഥാന നിരക്കിൽ തുക നൽകുന്നതിലേക്കായി ഒരു ലക്ഷം രൂപാ വീതം പട്ടികജാതി വകുപ്പും 50,000/- രൂപ വീതം പട്ടികവർഗ വകുപ്പും ബാക്കിയുള്ള തുക ഗ്രാമ-ബ്ലോക്ക്- ജില്ലാ പഞ്ചായത്തുകൾ 25:40:35 എന്ന അനുപാതത്തിലും വകയിരുത്തുന്നുണ്ട്.

ഐ.ഐ.വൈ പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ പരമാവധി വിസ്തീർണ്ണം 66 ച.മി ആയി നിജപ്പെടുത്തിയിട്ടുണ്ട്. 2015 -16 സാമ്പത്തിക വർഷം മുതൽ ധനസഹായം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് സംസ്ഥാനത്തുനിന്നും നൽകിവരുന്നു. 2016 - 17 വർഷം മുതൽ ഐ.ഐ.വൈ പദ്ധതി പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) എന്ന പേരിലാണ് നടപ്പിലാക്കി വരുന്നത്.

## 2. പ്രധാനമന്ത്രി ആവാസ് യോജന (നഗരം)

എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും നഗരസഭകളുടെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന പ്രധാനമന്ത്രി ആവാസ് യോജന (പിഎംഎവൈ) പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസി കുടുംബശ്രീയാണ്. പി.എം.എ.വൈ (നഗരം) ലൈഫ് പദ്ധതി പ്രകാരം 93 നഗരസഭകളിലും വികസന അതോറിറ്റിയുടെ പ്രവർത്തന പരിധിയിൽ വരുന്ന 34 പഞ്ചായത്തുകളിലുമായി നാളിതുവരെ 1,02,229 ഭവനങ്ങൾക്ക് വ്യക്തിഗത ഭവന നിർമ്മാണത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അനുമതി ലഭ്യമായിട്ടുണ്ട്. കൂടാതെ ക്രെഡിറ്റ് ലിങ്കഡ് സബ്സിഡി സ്ക്രീം പ്രകാരം നാളിതുവരെ വിവിധ ബാങ്കുകളിൽ നിന്ന് 25,656 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ വായ്പ ലഭ്യമാക്കുകയും, 15,608 ഗുണഭോക്താക്കൾക്ക് സബ്സിഡി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 6 നഗരസഭകളിലായി ലൈഫ് മിഷന്റെ പങ്കാളിത്തത്തോടെ ഭൂരഹിതർക്കായുള്ള ഭവനസമുച്ചയം നിർമ്മിക്കുന്നതിനുള്ള അനുമതി ലഭിച്ച 774 യൂണിറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 108 യൂണിറ്റുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

2022 വർഷത്തോടെ എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യത്തോടെ 2016 ഏപ്രിൽ 1 മുതൽ പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) എന്ന പദ്ധതി നടപ്പിലാക്കുന്നു. 1,20,000 രൂപ 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ധനസഹായം നൽകുന്നു. സംസ്ഥാന സർക്കാർ പി.എം.എ.വൈ (ജി) ഭവന പദ്ധതിയിലെ പൊതു വിഭാഗത്തിന് രണ്ട് ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് മൂന്നു ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽ മൂന്നര ലക്ഷം രൂപയുമായി വർദ്ധിപ്പിച്ച് നൽകുന്നു. കേരളത്തിലിപ്പോൾ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുവിഭാഗം, പട്ടികജാതി വിഭാഗം എന്നിവർക്ക് നാല് ലക്ഷം രൂപയും സങ്കേതങ്ങളിൽ കഴിയുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആറ് ലക്ഷം രൂപയും നൽകുന്നു. 1,20,000 രൂപ കഴിഞ്ഞുള്ള ത്രിതല പഞ്ചായത്തുകളും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളും നൽകുന്നു. ഇപ്പോൾ ലൈഫ് മിഷന്റെ ഭാഗമായി ബാക്കി തുക നൽകുന്നു.

ഓരോ വീടിനുമുള്ള ധനസഹായത്തിനു പുറമേ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ പരമാവധി 90 ദിവസത്തെ അവിദഗ്ധ തൊഴിൽ ഗുണഭോക്താക്കൾക്ക് നൽകുന്നു. ഗുണഭോക്താവിന് ആവശ്യമുണ്ടെങ്കിൽ 70,000 രൂപ വരെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നതിനും സഹായം നൽകുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിവിധ പദ്ധതികൾ പ്രകാരം ലഭ്യമാക്കുന്ന അടിസ്ഥാന സൗകര്യങ്ങളായ കക്കൂസ്, കുടിവെള്ളം, വൈദ്യുതി, ഇന്ധനം,ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ സംയോജന സാധ്യതകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. 3 ഗഡുകളായി 1,20,000 രൂപ പി.എഫ്.എം.എസ് മുഖേന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നു. പി.എം.എ.വൈ (ജി) ഭവന പദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിലെ അർഹരായവരെയാണ്. പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ കുറഞ്ഞ തറ വിസ്തീർണ്ണം 35 മീറ്റർ സ്ക്വയറാണ് (ഇപ്പോൾ ലൈഫ് മിഷന്റെ ഭാഗമായി 400 ചതുരശ്ര അടി).

## 3. രാജീവ് ആവാസ് യോജന

ചേരി രഹിത ഇന്ത്യ എന്ന ലക്ഷ്യം വെച്ച് കേന്ദ്ര സർക്കാർ വിഭാവനം ചെയ്ത സംസ്ഥാന സർക്കാരുകളുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും സംയുക്ത ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് രാജീവ് ആവാസ് യോജന. ചേരി രഹിത നഗരം എന്നതാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. സ്ഥാപനത്തെ 6 കോർപ്പറേഷനുകളിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. 2015 ജൂണിൽ ഈ പദ്ധതി കേന്ദ്ര സർക്കാരിന്റെ എല്ലാവർക്കും ഭവന (പി.എം.എ.വൈ) എന്ന പദ്ധതിയിൽ ലയിച്ചു.

## 4. പ്രധാനമന്ത്രി ആവാസ് യോജന

ഭാരതത്തിന്റെ 75-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന 2022-ൽ എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരുമായി യോജിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.). എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ കൂടി നടപ്പിലാക്കുന്ന പദ്ധതിയിൽ വീടില്ലാത്ത എല്ലാവരെയും ഗുണഭോക്താക്കളായി തിരഞ്ഞെടുക്കാവുന്നതും നിലവിലുള്ള ഭവനങ്ങളെ വിപുലീകരിക്കുന്നതിനുമാണ്. കേരളത്തിലെ 93 നഗരസഭകളെയും (ഒന്നാം ഘട്ടത്തിലെ 14 നഗരസഭകളും രണ്ടാം ഘട്ടത്തിൽ 22 നഗരസഭകളും മൂന്നാം ഘട്ടത്തിൽ 57 നഗരസഭകൾ) ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

*4 വ്യത്യസ്തങ്ങളായ ഘടകങ്ങൾ സംയോജിപ്പിച്ച് കൊണ്ടാണ് പ്രസ്തുത പദ്ധതി വിഭാഗം ചെയ്തിരിക്കുന്നത്.*

**1. ചേരി വികസനം:**
300 ആളുകൾ താമസിക്കുന്ന/60-70 വരെ കുടുംബങ്ങളുള്ള ചേരിയിലുള്ളവർക്ക് പ്രസ്തുത ചേരിൽ തന്നെ ഭവനം നിർമ്മിച്ച് നൽകൽ.

**2.ക്രെഡിറ്റ് ലിങ്ക്ഡ്:**
താഴ്ന്ന വരുമാനമുള്ളവർക്കും (LIG) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും (EWS) ഭവനം നിർമ്മിക്കുന്നതിനായി ഭവനം വാങ്ങുന്നതിനായി /ഭവനത്തിന്റെ നിലവാരം വർദ്ധിപ്പിക്കുന്നതിനായി ബാങ്കിൽ നിന്നും പരമാവധി ആറു ലക്ഷം രൂപ വരെ കമ്പോള നിരക്കിലെ പലിശയിൽ നിന്നും 6.5% കുറഞ്ഞ നിരക്കിൽ വായ്പയായി നൽകൽ

**3.അഫോർഡബിൾ ഹൗസിംഗ് സ്ക്രീം:**
കുറഞ്ഞ നിരക്കിൽ വീടുകൾ ലഭ്യമാക്കി ആയത്

വാങ്ങുന്നതിനുള്ള പദ്ധതി.

**4.വ്യക്തിഗത ഭവന നിർമ്മാണത്തിനുള്ള ധനസഹായം:**
സ്വന്തമായി സ്ഥലമുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്ന പദ്ധതി/വാസയോഗ്യമല്ലാത്ത/ഭവന പുനരുദ്ധാരണ പദ്ധതി.

## 5. സംയോജിത പാർപ്പിട ചേരി വികസന പരിപാടി

ബി.എസ്.യു.പി പദ്ധതി നടപ്പിലാക്കുന്ന കൊച്ചി, തിരുവനന്തപുരം, കോർപ്പറേഷനുകളും കൊച്ചിയുടെ ഭാഗമായി കണക്കാക്കപ്പെടുന്ന തൃപ്പൂണിത്തറ, കളമശ്ശേരി നഗരസഭകളും ഒഴികെയുള്ള 45 നഗരസഭകളിൽ നടപ്പിലാക്കിവരുന്ന ചേരി വികസന പരിപാടിയാണ് സംയോജിത പാർപ്പിട ചേരി വികസന പരിപാടി (ഐ.എച്ച്.എസ്.ഡി.പി.).

## 6. ലൈഫ് മിഷൻ

സംസ്ഥാനത്തെ മുഴുവൻ ഭവനരഹിതർക്കും വീട് വെച്ചുകൊടുക്കുവാനും തൊഴിൽ ചെയ്ത് ഉപജീവനം നിർവഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകുന്നതിനുള്ള സംവിധാനവും ഒരുക്കുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ദൗത്യമാണ് ലൈഫ് (Life, Livelihood, Inclusion, Finanacial Empowerment) മിഷൻ. സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സാമൂഹികക്ഷേമ പദ്ധതികളുടെയും പ്രയോജനം ഗുണഭോക്താക്കളിൽ കേന്ദ്രീകരിക്കാനുതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതും ഈ ദൗത്യത്തിന്റെ ഉദ്ദേശങ്ങളിൽപെടുന്നു. നാലുവിധത്തിലുള്ള ഗുണഭോക്താക്കളെയാണ് ഈ ദൗത്യം അഭിസംബോധന ചെയ്യുന്നത്.

### പദ്ധതിയുടെ ഗുണഭോക്താക്കൾ

1) ഭൂമിയുള്ള ഭവനരഹിതർ
2) ഭവനനിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർ/ വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ
3) പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താത്ക്കാലിക ഭവനം ഉള്ളവർ
4) ഭൂരഹിത-ഭവനരഹിതർ

ഗുണഭോക്താക്കളെ കണ്ടെത്തുന്ന നടപടിക്രമം
2011-ൽ കേന്ദ്രസർക്കാർ നടത്തിയ സാമൂഹിക സാമ്പത്തിക ജാതി സർവ്വേ അടിസ്ഥാനമാക്കിയും ഈ സർവ്വേയിൽ ഭവനരഹിതർ എന്നു കണ്ടെത്തിയവരുടെ കാര്യത്തിൽ നേരിട്ടു സർവ്വേ നടത്തി ഗുണഭോക്താക്കളെ നിർണ്ണയിക്കും. സർവ്വേയ്ക്കുള്ള ചുമതല കുടുംബശ്രീക്ക് ആയിരിക്കും.


ലൈഫ് മിഷന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ പണി കഴിപ്പിച്ച പാർപ്പിട സമുച്ചയം

ആദിവാസി മേഖലയിൽ കുടുംബശ്രീ സംവിധാനം ശക്തമല്ല എങ്കിൽ പട്ടികവർഗ്ഗ പ്രമോട്ടർമാരെ ഉപയോഗിക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള എസ്.ഇ.സി.സി വിവരങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികൾക്കായി തയ്യാറാക്കിയിട്ടുള്ള ഭവനരഹിതരുടെ പട്ടിക, നഗരങ്ങളിൽ പി.എം.വൈക്ക് തയ്യാറാക്കിയ പട്ടിക എന്നിവ പരിശോധനയ്ക്കായി കുടുംബശ്രീക്ക് കൈമാറേണ്ടതാണ്. പരിശീലനം സിദ്ധിച്ച കുടുംബശ്രീ പ്രവർത്തകർ ഗുണഭോക്താക്കളെ നേരിൽ കണ്ട് യഥാർത്ഥവിവരങ്ങൾ രേഖപ്പെടുത്തേണ്ടതും അത്തരത്തിൽ തയ്യാറാക്കുന്ന വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് കൈമാറേണ്ടതാണ്. സർവേയുടെ മേല്പരിശോധനയ്ക്കായുള്ള ചുമതല ഫീൽഡ്തല ഉദ്യോഗസ്ഥർക്കായിരിക്കുന്നതാണ് (വി.ഇ.ഒ.ജെ.എച്ച്.ഐ തുടങ്ങിയവർ). ഇവർ എല്ലാ സർവ്വേ വിവരങ്ങളും ക്രോസ് ചെക്ക് ചെയ്യേണ്ടതും അത്തരത്തിൽ പരിശോധിച്ച് അർഹതയില്ലാത്തവർ പട്ടികയിൽ വന്നിട്ടില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന പട്ടിക ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കുന്നതിന്റെ ചുമതല ജില്ലാ മിഷന് ആയിരിക്കും. ഇത്തരത്തിൽ ആക്ഷേപങ്ങൾ കേട്ടശേഷം തയ്യാറാക്കുന്ന ഗുണഭോക്തൃ പട്ടിക പഞ്ചായത്ത്/ജില്ലാ തലത്തിൽ പ്രസിദ്ധീകരിക്കും. ഇതിൽ ആക്ഷേപം ഉള്ളവർക്ക് ജില്ലാതല സമിതിക്ക് ആക്ഷേപം നൽകാവുന്നതാണ്. ആർ.ഡി.ഒ./സബ് കളക്ടർ, അസി. കളക്ടർ എന്നിവർ ഇത് പരിശോധിച്ച് പട്ടിക അന്തിമമാക്കും.

## മുൻഗണനാക്രമം:

- മാനസിക വെല്ലുവിളി നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ
- അഗതികൾ
- അംഗവൈകല്യമുള്ളവർ
- ഭിന്നലിംഗക്കാർ
- ഗുരുതര/മാരകരോഗമുള്ളവർ
- അവിവാഹിതരായ അമ്മമാർ
- രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ

## പതിവ് ചോദ്യങ്ങൾ

**ലൈഫ് പദ്ധതിയുടെ ലക്ഷ്യം എന്ത്?**

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കിനൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി (ലൈഫ്)യുടെ ലക്ഷ്യം.

**ആരൊക്കെയാണ് ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കൾ?**

ഭൂമിയുള്ള ഭവനരഹിതർ ഭവനനിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ പുറമ്പോക്കിലോ, തീരദേശമേഖലയിലോ, തോട്ടം മേഖലയിലോ താത്ക്കാലിക ഭവനം ഉള്ളവർ ഭൂരഹിത-ഭവനരഹിതർ എന്നിവരാണ് ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കൾ.

**ഗുണഭോക്താക്കളുടെ മുൻഗണനാ മാനദണ്ഡം എന്താണ്?**

മാനസിക വെല്ലുവിളി നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ, അഗതികൾ, അംഗവൈകല്യമുള്ളവർ, ഭിന്നലിംഗക്കാർ, ഗുരുതര/മാരക രോഗമുള്ളവർ, അവിവാഹിതരായ അമ്മമാർ, രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ, വിധവകൾ.എന്നിവർക്കാണ് ലൈഫ് പദ്ധതിയിൽ മുൻഗണന നൽകുന്നത്.

**ഗുണഭോക്താക്കളെ കണ്ടെത്തുന്നത് എങ്ങനെയാണ്?**

കേന്ദ്ര സർക്കാർ 2011ൽ നടത്തിയ സാമൂഹിക-സാമ്പത്തിക ജാതി സെൻസസ് പ്രകാരം (എസ്.ഇ.സി.സി) ലഭ്യമായ ഭൂരഹിത-ഭവനരഹിതരുടെ പട്ടികയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പക്കൽ വിവിധ പദ്ധതികളിലേയ്ക്കായി തയ്യാറാക്കിയ ഭൂരഹിതർ/ഭവനരഹിതരുടെ പട്ടികയും സൂചകങ്ങളായി ഉപയോഗിച്ച് സർവേ നടത്തി അർഹരായവരെ കണ്ടെത്തുന്നു. കൂടാതെ ഈ ലിസ്റ്റുകളിൽ ഉൾപ്പെടാത്ത അർഹരായ കുടുംബങ്ങളെ കുടുംബശ്രീ പ്രവർത്തകർ നേരിട്ട് കണ്ടെത്തുന്നതാണ്.

**ആരാണ് സർവേ നടത്തുന്നത്?**

പരിശീലനം ലഭിച്ച കുടുംബശ്രീ പ്രവർത്തകരാണ് സർവേ നടത്തുന്നത്. ആദിവാസി മേഖലയിൽ കുടുംബശ്രീ പ്രവർത്തകർ ഇല്ലാത്തപക്ഷം എസ്.റ്റി. പ്രൊമോട്ടർമാരെ നിയോഗിക്കുന്നതാണ്.

**സർവേ വിവരങ്ങളുടെ വെരിഫിക്കേഷൻ നടത്തുന്നത് ആരാണ്?**

സർവ്വേയുടെ മേൽപരിശോധന ഫീൽഡ്തല ഉദ്യോഗസ്ഥർ നിർവ്വഹിക്കുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരും നഗരപ്രദേശങ്ങളിൽ ജെ.എച്ച്.ഐ-മാരുമാണ് മേൽപരിശോധന നടത്തുന്നത്.

**സർവ്വേ നടത്തി കണ്ടെത്തിയ ഗുണഭോക്താക്കളുടെ വിവരം എവിടെ ലഭിക്കും?**

സർവ്വേ വിവരങ്ങൾ സർക്കാർ/ലൈഫ് മിഷൻ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വെബ്സൈറ്റുകളിലും പകർപ്പുകൾ തദ്ദേകസ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ മിഷൻ ഓഫീസ്, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ ഓഫീസ്, കുടുംബശ്രീ സി.ഡി.എസ്സിന്റെ ഓഫീസ്, വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിലും ലഭിക്കും.

**സർവ്വേ നടത്തി പ്രസിദ്ധീകരിച്ച ലിസ്റ്റിന്മേലുള്ള ആക്ഷേപം/പരാതി എവിടെ നൽകണം?**

പ്രസിദ്ധീകരിച്ച ലിസ്റ്റിന്മേലുള്ള ആക്ഷേപം/പരാതി സ്വീകരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരുടെ നേതൃത്വത്തിൽ സംവിധാനം ഉണ്ടായിരിക്കും.

**സർവ്വേ ലിസ്റ്റിൽ ഉൾപ്പെടാത്ത ഭൂരഹിത-ഭവനരഹിതരെ കൂട്ടിച്ചേർക്കാനുള്ള അധികാരം ആർക്കാണ്?**

തദ്ദേസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ



ലൈഫ് മിഷന്റെ ഭാഗമായി നൂൽപ്പുഴ ഗ്രാമപഞ്ചായത്തിൽ പണി പൂർത്തീകരിച്ച ശാന്ത ബിച്ചാരത്തിന്റെ ഭവനം – വയനാട്

**ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾ മാത്രമാണോ ലൈഫ് മിഷന്റെ ഗുണഭോക്താക്കൾ?**

അല്ല. ഭവനനിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ എന്നിവരും ലൈഫ് മിഷന്റെ ഗുണഭോക്തളാണ്.

**മറ്റ് ഭവന നിർമ്മാണ പദ്ധതികളുമായി ലൈഫ് മിഷനുള്ള വ്യത്യാസം എന്താണ്?**

മറ്റ് ഭവന നിർമ്മാണ പദ്ധതികൾ ഭവനങ്ങൾ നിർമ്മിക്കുന്നതിന് മാത്രം ലക്ഷ്യം വയ്ക്കുമ്പോൾ, ഗുണഭോക്താക്കൾ സ്വന്തമായി ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിൽ ഭാഗഭാക്കാകുന്നതിനും സാമൂഹിക ക്ഷേമ പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതവും മാന്യവുമായ ഭവനങ്ങൾ അഞ്ച് വർഷത്തിനുള്ളിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് 'ലൈഫ് മിഷൻ'.

**ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ അയൽക്കൂട്ടത്തിന്റെ പങ്ക് എന്ത്?**

സർവ്വേയുടെ സൂചകങ്ങളായി ഉപയോഗിക്കുന്ന ലിസ്റ്റുകളിൽ ഒന്നിലും ഉൾപ്പെടാത്ത അർഹരായ കുടുംബങ്ങളെ കുടുംബശ്രീ പ്രവർത്തകർ നേരിട്ട് കണ്ടെത്തുന്നതാണ്.

**ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പങ്ക് എന്ത്?**

1) ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ ഏറ്റവും വലിയ ഉത്തരവാദിത്തം നിർവ്വഹിക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനമാണ്.

2) തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കൈവശമുള്ള വിവിധ പദ്ധതികൾക്കായി തയ്യാറാക്കിയ പട്ടിക ലൈഫ് മിഷൻ, പരിശോധനയ്ക്കായി ലഭ്യമാക്കുക.

3) ആവശ്യമായ കുടുംബശ്രീ ടീമിനെ സിഡിഎസ് പരിശോധനയ്ക്കായി സജ്ജമാക്കുന്നുമെന്ന് ഉറപ്പാക്കുക.

4) കുടുംബശ്രീ ടീം നിശ്ചിത ദിവസങ്ങളിൽ പരിശോധന നടത്തുന്നുവെന്നും പരിശോധന വസ്തുനിഷ്ഠമാണെന്നും ഉറപ്പു വരുത്തുക മേൽപരിശോധനയ്ക്കായി 10% ഫോറങ്ങൾ റാൻഡമായി തെരഞ്ഞെടുക്കുക.

5) കുടുംബശ്രീ ടീം പരിശോധന നടത്തി ലഭ്യമാക്കുന്ന ഫോറങ്ങൾ മേൽപരിശോധനക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുക, ഫീൽഡ് തല ഉദ്യോഗസ്ഥരെ മേൽപരിശോധനയ്ക്കായി ചുമതലപ്പെടുത്തുക.

6) ഫീൽഡ്തല ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് നിശ്ചിത എണ്ണം ഫോറങ്ങൾ മേൽപരിശോധന നടത്തി എന്ന് ഉറപ്പുവരുത്തുക.

7) മേൽപരിശോധന കഴിഞ്ഞ് ലഭിച്ച ഫോറങ്ങൾ ആവശ്യമാകുന്ന പക്ഷം, പുനഃപരിശോധനയ്ക്കായി

കുടുംബശ്രീ ടീമിനെ തിരികെ ഏല്പ്പിക്കുക. പുനഃപരിശോധന ആവശ്യമില്ലാത്തപക്ഷം ഡാറ്റാ എൻട്രിക്കായി കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ (ഡിഎംസി)ക്ക് കൈമാറുക.

8) പരിശോധനയ്ക്കു ശേഷമുള്ള കരട് പട്ടിക ലഭ്യമാകുന്ന മുറയ്ക്ക് അപ്പീലിനുള്ള അവസരം ഉറപ്പുവരുത്തുക.

9) ലഭിക്കുന്ന അപേക്ഷകൾ, ഫീൽഡ്തല ഉദ്യോഗസ്ഥനെ ഉപയോഗിച്ച്, സ്ഥലപരിശോധന നടത്തി, ആവശ്യമാകുന്ന പക്ഷം നേരിൽ കേട്ട്, അപ്പീൽ തീർപ്പാക്കുക.

10) അർഹരായ ആരെങ്കിലും വിട്ടുപോയിട്ടുള്ള പക്ഷം, ആവശ്യമായ പരിശോധന നടത്ത, ആദ്യഘട്ട അപ്പീലിൽ കൂട്ടിച്ചേർക്കുക എന്നിവയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ.

**ഗുണഭോക്താക്കളുടെ കരട് പട്ടിക പ്രസിദ്ധീകരിക്കുന്നത് എങ്ങനെ?**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഡ്

അടിസ്ഥാനത്തിൽ കരട് പട്ടിക മലയാളത്തിലേക്ക് മാറ്റി, ക്രമനമ്പർ, സർവ്വേ കോഡ്, ഗൃഹനാഥന്റെ പേര്, മേല്വിലാസം, റേഷൻ/ആധാർ നമ്പർ, ക്ലേശഘടകങ്ങൾ എന്ന ക്രമത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. അർഹരല്ലാത്തവരുടെ കാര്യത്തിൽ എന്ത് കാരണത്താൽ അർഹനല്ല എന്ന വിവരം രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പൊതുജനങ്ങളുടെ അറിവിലേക്കായി കരടു ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് മാത്രം പ്രസിദ്ധീകരിക്കേണ്ടതാണ്.
മലയാളത്തിൽ മാത്രമേ കരട് പട്ടിക പ്രസിദ്ധീകരിക്കാൻ പാടുള്ളൂ.

**ഏതെല്ലാം സ്ഥാപനങ്ങളിലാണ് പട്ടിക പ്രസിദ്ധീകരിക്കേണ്ടത്?**

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഓഫീസുകളിലും വെബ്സൈറ്റിലും, കുടുംബശ്രീ എ.ഡി.എസ് ഓഫീസിലും, കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ ഓഫീസ്, ജില്ലാ കളക്ടറേറ്റ്, അംഗൻവാടികൾ, വില്ലേജ് ഓഫീസുകൾ, ആരോഗ്യ കേന്ദ്രങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലുള്ള എല്ലാ പ്രധാനപ്പെട്ട സർക്കാർ ഓഫീസുകളിലും കൂടാതെ വാർഡിന്റെ കരട് പട്ടിക, ബന്ധപ്പെട്ട വാർഡ് കൗൺസിലർ/ വാർഡ് അംഗത്തിനും ലഭ്യമാക്കേണ്ടതാണ്.

**വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്നവരെ ഈ ഘട്ടത്തില് ഉൾക്കൊള്ളിക്കേണ്ടതുണ്ടോ?**

ഈ ഘട്ടത്തിൽ ഉൾക്കൊള്ളിക്കാൻ പാടില്ല. വാസയോഗ്യമല്ലാത്ത ഭവനങ്ങൾ കണ്ടെത്തുന്നതിന് സാങ്കേതിക പരിശോധന ആവശ്യമാണ്. ആയതിന് റ്റി.പി.റ്റി.എ-യെ നിയോഗിച്ചിട്ടുണ്ട്. ഇത്തരം ഭവനങ്ങൾ കണ്ടെത്തി ധനസഹായം നല്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശം പിന്നീട് നല്കുന്നതാണ്. എന്നാൽ തടി, ഷീറ്റ് എന്നിവകൊണ്ട് മാത്രം നിർമ്മിച്ചിട്ടുള്ള താത്ക്കാലിക ഭവനങ്ങളെ ഭവനരഹിതരായി പരിഗണിച്ച് ഉൾക്കൊള്ളിക്കേണ്ടതാണ്.

**ക്ലേശഘടകങ്ങൾ ഉള്ള കുടുംബങ്ങളെ പരിഗണിക്കുമ്പോൾ, ആവശ്യമായ സർട്ടിഫിക്കറ്റുകൾ പരിശോധിക്കേണ്ടതുണ്ടോ?**

വേണ്ട, എന്നാൽ പരിശോധനാ സമയത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, വിവരങ്ങൾ ചോദിച്ച് മനസിലാക്കി നീതിപൂർവ്വമായ ഒരു തീരുമാനത്തിൽ എത്തേണ്ടതാണ്. പിന്നീട് ഭവനങ്ങൾ നല്കുന്ന വേളയിൽ ഇവ വിദഗ്ദമായി പരിശോധിക്കുന്നതാണ്.

**കൈവശമുള്ള വസ്തുവിന്റെ അളവ് പരിശോധിക്കുമ്പോൾ രേഖകൾ ആവശ്യപ്പെടേണ്ടതുണ്ടോ?**

സാധാരണയായി ആവശ്യമില്ല. എന്നാൽ സംശയമുള്ള കാര്യങ്ങളിൽ രേഖകൾ ആവശ്യപ്പെടാവുന്നതും വില്ലേജ് ഓഫീസിൽ നിന്നും രേഖകൾ ശേഖരിച്ച് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

**ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഭവനരഹിതനായി താമസിക്കുകയും എന്നാൽ ടിയാന്റെ ഭൂമി മറ്റൊരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ വരുകയും ചെയ്യുമ്പോൾ ഏത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഗുണഭോക്താവായി പരിഗണിക്കണം?**

നിലവിൽ താമസിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഗുണഭോക്താവായി പരിഗണിച്ച്, അന്തിമപട്ടിക തയ്യാറാക്കേണ്ടതാണ്. ആയതിന് ശേഷം ഭരണസമിതിയുടെ തീരുമാനത്തോടെ വസ്തുവുള്ള തദ്ദേശസ്വയംഭരണ സമിതിക്ക് കൈമാറി തുടർന്ന് പ്രസ്തുത സ്ഥാപനത്തിന്റെ ഗുണഭോക്താവായി പരിഗണിക്കേണ്ടതാണ്.

**ക്ലേശഘടകങ്ങൾ ഉള്ള ഗുണഭോക്താക്കളുടെ മുൻഗണന എങ്ങനെ നിശ്ചയിക്കണം?**

ഏറ്റവും കൂടുതൽ ഘടകങ്ങൾ ഉള്ളവരെ ആദ്യവും, ക്ലേശഘടകങ്ങളുടെ എണ്ണം കുറയുന്നതനുസരിച്ച് മുൻഗണന കുറച്ച് പട്ടിക തയ്യാറാക്കേണ്ടതുമാണ്. ക്ലേശഘടകങ്ങളുടെ എണ്ണം സമാനമായാൽ താഴെ പറയുന്ന മുൻഗണനാക്രമം നിശ്ചയിക്കാവുന്നതാണ്:

- മാനസിക വെല്ലുവിളികൾ നേരിടുന്നവർ/ അന്ധർ/ ശാരീരിക തളർച്ച സംഭവിച്ചവർ
- അഗതികൾ
- അംഗവൈകല്യമുള്ളവർ (40%-ന് മുകളിൽ) ഭിന്നലിംഗക്കാർ
- ഗുരുതര/ മാരകരോഗമുള്ളവർ
- അവിവാഹിതരായ അമ്മമാർ
- രോഗം/ അപകടത്തിൽപ്പെട്ട്, ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ.

(അവലംബം: https://www.life2020.kerala.gov.in/)

**പദ്ധതികളെപ്പറ്റി കൂടുതൽ അറിയുന്നതിനായി താഴെയുള്ള വെബ്സൈറ്റ് സന്ദർശിക്കുക:**

**ലൈഫ് മിഷൻ**
https://lifemission.lsgkerala.gov.in

**പ്രധാനമന്ത്രി ആവാസ് യോജന – ഗ്രാമീൺ**
**ഇന്ദിരാ ആവാസ് യോജന**
https://pmaymis.gov.in/
https://iay.nic.in

**സംയോജിത പാർപ്പിട ചേരി വികസന പരിപാടി**
https://www.kudumbashree.org/

**ഇന്ത്യ പഞ്ചായത്ത് നോളെജ് പോർട്ടൽ**
https://www.panchayatgyan.gov.in
https://www.lsgkerala.gov.in